# കേരള സംഗീത നാടക അക്കാദമി - തൃശൂർ - 20.

## സംസ്ഥാന ലഘു നാടക മത്സരം നിയമാവലി

1. ഈ നാടക മത്സരത്തിന് കേരള സംഗീത നാടക അക്കാദമി സംസ്ഥാന ലഘു നാടക മത്സരം എന്നായിരിക്കും പേര്.
2. അക്കാദമിയിൽ അഫിലിയേറ്റ് ചെയ്യാത്ത സമിതികൾക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
3. അക്കാദമി നിർവ്വാഹകസമിതി തീരുമാനിക്കുന്ന സ്ഥലത്തുവച്ചായിരിക്കും മത്സരം നടത്തുക.
4. നാടകത്തിന്റെ ഡിടിപി ചെയ്ത 3 കോപ്പികൾ വീതം അയക്കണം. അവ തിരികെ കൊടുക്കുന്നതല്ല. നാടകത്തിന്റെ സ്ക്രിപ്റ്റിൽ അവതരിപ്പിക്കുന്ന സംഘത്തിന്റെയോ നാടകകൃത്തിന്റെയോ പേരും വിലാസവും ഉണ്ടായിരിക്കരുത്.
5. മൂന്നുപേരുള്ള ജഡ്ജിംഗ് കമ്മിറ്റിയായിരിക്കും വിധി നിശ്ചയിക്കുന്നത്. ഇവരുടെ തീരുമാനം അന്തിമമായിരിക്കും.
6. മത്സരങ്ങൾക്കുള്ള വിധികർത്താക്കളെ യഥാസമയം തീരുമാനിക്കുന്നത് അക്കാദമി നിർവ്വാഹകസമിതിയാണ്.
7. മത്സരിക്കുന്നതിന് സമർപ്പിക്കപ്പെടുന്ന നാടകങ്ങൾ താഴെപ്പറയുന്ന ചട്ടങ്ങൾക്കു വിധേയമായിരിക്കണം.

   (എ) അവതരിപ്പിക്കാനുദ്ദേശിക്കുന്ന നാടകത്തിന്റെ കോപ്പികൾ അയക്കേണ്ടത് നാടകം അവതരിപ്പിക്കുന്ന സംഘം മുഖേനയായിരിക്കണം.

   (ബി) നാടകത്തിന്റെ അവതരണ ദൈർഘ്യം 30 മിനിറ്റിൽ കുറയാത്തതും 45 മിനിറ്റിൽ കവിയാത്തതുമായിരിക്കണം.

   (സി) 01-01-2018 ന് മുൻപ് അവതരിപ്പിച്ച നാടകങ്ങൾ മത്സരത്തിന് പരിഗണിക്കുന്നതല്ല. നോവൽ, ചെറുകഥ, കവിത, വിദേശ നാടകങ്ങൾ എന്നിവയുടെ പുതിയ നാടകരൂപങ്ങൾ മത്സരത്തിന് സ്വീകരിക്കുന്നതാണ്.
8. മത്സരത്തിൽ പങ്കെടുക്കുന്നതിന് അവതരണചിലവിലേക്കായി 30,000/- രൂപയും റണ്ണിംഗ് കിലോമീറ്ററിന് 20 രൂപ നിരക്കിൽ യാത്രാച്ചെലവും നൽകുന്നതാണ്.
9. ഈ നിയമാവലിയിലെ ഏതെങ്കിലും വകുപ്പിന്റെ അർത്ഥത്തെ സംബന്ധിച്ച് തർക്കം ഉത്ഭവിക്കുന്നപക്ഷം അതിനെപ്പറ്റി അവസാനവിധി പറയാനുള്ള അധികാരം കേരള സംഗീത നാടക അക്കാദമി നിർവ്വാഹകസമിതിക്കായിരിക്കും. നിർവ്വാഹകസമിതിയുടെ തീരുമാനം അന്തിമമായിരിക്കും.
10. ഈ നാടകമത്സരത്തെ സംബന്ധിച്ച് വല്ല വ്യവഹാരവും ഉത്ഭവിക്കുകയാണെങ്കിൽ ആയതിന്റെ നിയമപരമായ അധികാരപരിധി തൃശ്ശൂരായിരിക്കും.
11. സംസ്ഥാന മത്സരത്തിൽ സമ്മാനാർഹമാകുന്നവർക്ക് താഴെപ്പറയുന്ന വിധത്തിൽ കാഷ് അവാർഡും സർട്ടിഫിക്കറ്റും നല്കുന്നതാണ്.

| | | |
|---|---|---|
| മികച്ച നാടകം | - | 30,000/- രൂപ |
| രണ്ടാമത്തെ നാടകം | - | 20,000/- രൂപ |
| രചന | - | 20,000/- |
| സംവിധാനം | - | 20,000/- |
| നടൻ | - | 15,000/- |
| നടി | - | 15,000/- |

സെക്രട്ടറി.

*സി.പി.എസ്.*

# കേരള സംഗീത നാടക അക്കാദമി, തൃശൂർ - 20

## സംസ്ഥാന ലഘു നാടക മത്സരം

### അപേക്ഷാഫോറം.

| | |
|---|---|
| 1. അപേക്ഷിക്കുന്ന നാടകസംഘത്തിന്റെ/ കലാസംഘടനയുടെ പേരും പൂർണ്ണമായ മേൽവിലാസവും (ജില്ലയുടെ പേരും പിൻകോഡും ചേർക്കണം. | |
| 2. ഫോൺ നമ്പർ | |
| 3. മത്സരത്തിനയയ്ക്കുന്ന നാടകത്തിന്റെ പേര്. | |
| 4. നാടകകൃത്തിന്റെ പേര് | |
| 5. നാടകം അവതരിപ്പിക്കുന്നതിന് വേണ്ടി വരുന്ന സമയം. | |

ഈ നാടക അവതരണത്തിന് തെരഞ്ഞെടുക്കുകയാണെങ്കിൽ അവതരിപ്പിക്കുന്നതിന് മേൽപ്പറഞ്ഞ നാടകസംഘത്തിന്/കലാസംഘടനക്ക് പൂർണ്ണാധികാരം നൽകിയിരിക്കുന്നു.

സ്ഥലം:

നാടകകൃത്തിന്റെ ഒപ്പ്:

പേരും മേൽവിലാസവും:

1. മേൽപ്പറഞ്ഞ വിവരങ്ങൾ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.
2. നാടകമത്സര നിയമാവലിയിലെ വ്യവസ്ഥകൾ അനുസരിച്ച് മത്സരത്തിൽ പങ്കെടുക്കാൻ ഞങ്ങൾ തയ്യാറാണെന്നും, കേരള സംഗീത നാടക അക്കാദമി നിശ്ചയിക്കുന്ന സ്ഥലത്തും സമയത്തും ഞങ്ങളുടെ നാടകം അവതരിപ്പിച്ചു കൊള്ളാമെന്നും ഇതിനാൽ സമ്മതിച്ചിരിക്കുന്നു.

നാടകസംഘം/കലാസംഘടനക്കുവേണ്ടി

സീൽ

സെക്രട്ടറിയുടെ പേരും
ഒപ്പും :

പൂർണ്ണമായ മേൽവിലാസം :

സ്ഥലം :

തീയതി: